## ഉള്ളടക്കം

1. ആമുഖം

2. ലക്ഷ്യങ്ങൾ

3. വിദ്യാലയത്തിന്റെ ലഘുചരിത്രം

4. വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്

5. പദ്ധതി രൂപീകരണ പ്രക്രിയ - വിവിധ ഘട്ടങ്ങൾ

6. നിലവിലെ അവസ്ഥാ വിശകലനം

7. മികവിനായി ഏറ്റെടുത്ത പ്രവർത്തനങ്ങൾ - ഒറ്റനോട്ടത്തിൽ

8. പദ്ധതി വിശദാംശങ്ങൾ
   (മേഖല, ഉപമേഖല, ലക്ഷ്യം, പ്രവർത്തനങ്ങൾ, കാലം, ചുമതല, സാമ്പത്തികവിശകലനം)

9. പ്രതീക്ഷിത നേട്ടങ്ങൾ

10. മോണിട്ടറിംഗ് രീതി

11. ഉപസംഹാരം

| | | | |
|---|---|---|---|
| 1. | വിദ്യാലയത്തിന്റെ പേര് | : | കെ.പി.എം. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ |
| | വിലാസം | : | പൂത്തോട്ട പി.ഒ., ഉദയംപേരൂർ (വഴി) എറണാകുളം – 682307 |
| | ഫോൺ | : | 0484 2792115 |
| 2. | സ്കൂൾ കോഡ് | : | 26075 (എച്ച്.എസ്.) |
| 3. | വിദ്യാഭ്യാസ ഉപജില്ല | : | തൃപ്പൂണിത്തുറ |
| 4. | വിദ്യാഭ്യാസ ജില്ല | : | എറണാകുളം |
| 5. | റവന്യൂജില്ല | : | എറണാകുളം |
| 6. | ബി.ആർ.സി. | : | തൃപ്പൂണിത്തുറ |
| 7. | സി.ആർ.സി. | : | ജെ.ബി.എസ്. പൂത്തോട്ട |
| 8. | ഗ്രാമപഞ്ചായത്ത് | : | ഉദയംപേരൂർ |
| 9. | ബ്ലോക്ക് പഞ്ചായത്ത് | : | മുളന്തുരുത്തി |
| 10. | ജില്ലാപഞ്ചായത്ത് | : | എറണാകുളം |
| 11. | നിയമസഭാ മണ്ഡലം | : | തൃപ്പൂണിത്തുറ |
| 12. | ലോകസഭാ മണ്ഡലം | : | എറണാകുളം |
| 13. | താലൂക്ക് | : | കണയന്നൂർ |
| 14. | വില്ലേജ് | : | മണകുന്നം |
| 15. | ഇ–മെയിൽ | : | kpmvhsspoothotta@gmsil,com |

## ആമുഖം

തിരുവിതാംകൂറിന്റെയും കൊച്ചിയുടെയും അതിർത്തി തിരിച്ച ഉദയംപേരൂർ പഞ്ചായത്തിലെ 9–ാം വാർഡിലാണ് പൂത്തോട്ട ക്ഷേത്രപ്രവേശന മെമ്മോറിയൽ വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂളിന്റെ ഭാഗമായ ഹൈസ്കൂൾ സ്ഥിതി ചെയ്യുന്നത്.

1892ൽ തികച്ചും കുഗ്രാമമായ പൂത്തോട്ടയിലെത്തിയ ശ്രീനാരായണഗുരുദേവൻ വിഗ്രഹപ്രതിഷ്ഠ നടത്തിക്കൊണ്ട് പൂത്തോട്ടയിലെ അടിയാള ജനതയ്ക്ക് ഐശ്വര്യപൂർണ്ണമായ ആദ്യദൈവത്തെ നൽകി. ഗുരുവചന സാഫല്യമെന്നപോലെ ഇന്ന് ശ്രീനാരായണ വല്ലഭക്ഷേത്രത്തിന് ചുറ്റും തലയെടുപ്പുള്ള സരസ്വതിക്ഷേത്രങ്ങളുടെ ഒരു വലിയ നിരതന്നെ കാണാം. ഗ്രാമത്തിന്റെ അതിർത്തി നിർണ്ണയിക്കുന്ന വേമ്പനാട്ട് കായലും ഗ്രാമത്തിലൂടെ ഒഴുകുന്ന കോണോത്തുപുഴയും പൂത്തോട്ടയെ കൂടുതൽ സുന്ദരമാക്കുന്നു. എറണാകുളം, കോട്ടയം, ആലപ്പുഴ ജില്ലകളുടെ അതിർത്തി തിരിക്കുന്ന സ്ഥലമാണ് പൂത്തോട്ട.

## ലക്ഷ്യങ്ങൾ

- ☐ മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക.
- ☐ അക്കാദമിക് മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല പരിപ്രേക്ഷ്യത്തോടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.
- ☐ 5 മുതൽ 10–ാം ക്ലാസ്സ് വരെ ഓരോ ക്ലാസ്സ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിയ്ക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയ ബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തനകലണ്ടറും രൂപപ്പെടുത്തൽ.
- ☐ അദ്ധ്യാപനവും, അദ്ധ്യയനവും സർഗ്ഗാത്മകവും രസകരവുമാക്കുന്നതിന് ഉപകരിക്കുന്നതിനുതകുന്ന പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.

മാറിയ കാലത്തിന്റെ വെല്ലുവിളികൾ ഏറ്റെടുക്കുവാൻ പുതിയ തലമുറയെ പ്രാപ്തരാക്കുക എന്ന കാഴ്ചപ്പാടോടെ 1994ൽ സി.ബി.എസ്.ഇ. സിലബസ്സിൽ ശ്രീനാരായണ പബ്ലിക് സ്കൂൾ തുടങ്ങി. സഹോദരൻ അയ്യപ്പൻ മെമ്മോറിയൽ ട്രെയിനിംഗ് കോളേജും ശാശ്വതീകാനന്ദ ഡിഗ്രി കോളേജും, ശ്രീനാരായണ ഐ.റ്റി.സി. യും ശ്രീനാരായണ ലോകോളേജും ഇന്ന് പൂത്തോട്ട എസ്.എൻ.ഡി.പി.ശാഖയുടെ കീഴിൽ പ്രവർത്തിക്കുന്നു. പ്രിപ്രൈമറി മുതൽ ബിരുദാന്തരബിരുദം വരെയുള്ള വിദ്യാഭ്യാസം സ്വന്തം ഗ്രാമത്തിൽ നിന്ന് തന്നെ നേടാം എന്ന അപൂർവ്വനേട്ടവും ഇന്ന് പൂത്തോട്ടയ്ക്ക് സ്വന്തം.

## വിദ്യാലയ ചരിത്രം

1939 ൽ ആണ് ക്ഷേത്രപ്രവേശന മെമ്മോറിയൽ മലയാളം മിഡിൽ സ്കൂൾ ആരംഭിച്ചത്. 6 വിദ്യാർത്ഥികളുമായി ആരംഭിച്ച സ്കൂളിന് പൂത്തോട്ടയുടെ ചരിത്രഗരിമയേറിയ നാമകരണം തന്നെയാണ് സ്ഥാപകർ നൽകിയത് – ക്ഷേത്രപ്രവേശന മെമ്മോറിയൽ സ്കൂൾ. അന്നത്തെ ഈഴവ സമാജത്തിന്റെ മാനേജ്മെന്റാണ് സ്കൂൾ ആരംഭിച്ചത്. കൂലിപ്പണികൾ ചെയ്ത് അഷ്ടിക്ക് വക തേടിയിരുന്ന പൂത്തോട്ടയിലെ ദരിദ്രജനതയ്ക്ക് സ്വന്തമായി വിദ്യാഭ

്യാസസ്ഥാപനങ്ങൾ എന്നത് അന്ന് സ്വപ്നം മാത്രമായിരുന്നു. എന്നാൽ വർഷങ്ങൾ പിന്നിടുമ്പോൾ ഇന്ന് ഗുരു ചൈതന്യവും അനുഗ്രവും പേറി ശ്രീനാരായണ വല്ലഭ ക്ഷേത്രത്തിന് ചുറ്റും തലയെടുപ്പുള്ള സരസ്വതീക്ഷേത്രങ്ങളുടെ ഒരു സമുച്ചയം തന്നെ ഉയർന്നു കഴിഞ്ഞു.

ഒരു ഘട്ടത്തിൽ സ്ഥാപനം തുടർന്ന് നടത്തിക്കൊണ്ടുപോകുവാനുള്ള സാമ്പത്തിക ഞെരുക്കം മൂലം അത് അന്നത്തെ തിരുവതാംകൂർ സർക്കാരിന് വിട്ടുകൊടുക്കുകയുണ്ടായി. എന്നാൽ 1962ൽ മിഡിൽ സ്കൂൾ ഹൈസ്കൂൾ ആയി അപ്ഗ്രേഡ് ചെയ്തു. 1992ൽ വൊക്കേഷണൽ ഹയർസെക്കൻഡറിയും 1998 ൽ ഹയർസെക്കൻഡറിയും ആരംഭിച്ചു. ഇന്ന് ഇവിടെ 1500ഓളം കുട്ടികൾ പഠിക്കുന്നു.

**<u>വിദ്യാലയം മികവിന്റെ കേന്ദ്രം – കാഴ്ചപ്പാട്</u>**

- ☐ വിദ്യകൊണ്ട് പ്രബുദ്ധരാവുക എന്ന ശ്രീനാരായണ ഗുരുവിന്റെ ദർശനത്തേയും വിദ്യാഭ്യാസം ഒരു കുട്ടിയുടെ സർവ്വതോന്മുഖമായ വളർച്ചയ്ക്ക് ഉപകരിക്കുന്നതാവണമെന്ന ഗാന്ധിജിയുടെ ആദർശത്തെയും ഉൾക്കൊള്ളുന്നതാകണം വിദ്യാലയങ്ങൾ.
- ☐ ക്ലാസ്സ് മുറിയിലെ അനുഭവങ്ങൾ കുട്ടികളിൽ ഉണർവ് ഉണ്ടാകുന്നതാവണം.
- ☐ ജീവിതമൂല്യങ്ങളാവണം ജീവിതത്തിന് വഴികാട്ടിയാവേണ്ടത് എന്ന തിരിച്ചറിവ് നൽകണം.
- ☐ വിദ്യാഭ്യാസത്തിൽ തുല്യപങ്കാളിത്തം ഉറപ്പുവരുത്തണം.
- ☐ പരിസ്ഥിതി സ്നേഹം, സംരക്ഷണം, നിലനിർത്തൽ എന്നിവയുടെ ആവശ്യകത വളർത്തുന്നതാവണം വിദ്യാലയാന്തരീക്ഷം.
- ☐ ശുചിത്വം, ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ.

**<u>പദ്ധതി രൂപീകരണ പ്രക്രിയ – വിവിധ ഘട്ടങ്ങൾ</u>**

1. എസ്.ആർ.ജി. യോഗത്തിൽ പൂത്തോട്ട സ്കൂൾ വിഷൻ 2025 എന്ന വികസന കാഴ്ചപ്പാട് അവതരിപ്പിക്കലും ചർച്ചയും.
2. വികസനാവശ്യങ്ങൾ ക്ലാസ്സ് വിഷയം അടിസ്ഥാനത്തിൽ ഭൗതീകം – അക്കാദമികം – സാമ്പത്തികം എന്നിങ്ങനെ തിരിച്ച് കരട് രൂപരേഖ തയ്യാറാക്കൽ.
3. കരട് രൂപരേഖ ടഞഏ, ടങഇ, ജഠഅ, ങജഠഅ ജനപ്രതിനിധികൾ തുടങ്ങിയവരടങ്ങുന്ന ശില്പശാലയിൽ അവതരിപ്പിക്കൽ.
4. ശില്പശാലയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ.
5. പി.ടി.എ. നേതൃത്വത്തിൽ ക്രോഡീകൃത പദ്ധതി തയ്യാറാക്കൽ.

## നിലവിലെ അവസ്ഥാ വിശകലനം

### എ) ഭൗതീകം – നേട്ടങ്ങൾ

ആധുനീക സൗകര്യങ്ങളോടുകൂടിയ മൂന്നുനില സ്കൂൾ കെട്ടിടം നിലവിലുണ്ട്. എല്ലാ ക്ലാസ്സ് റൂമുകളും വൈദ്യുതീകരിച്ചു. ക്ലാസ് മുറികളിൽ ഫാൻ, ലൈറ്റ് എന്നിവ സജ്ജീ കരിച്ചിട്ടുണ്ട്. ആധുനീക രീതിയിലുള്ള ശൗചാലയം ആൺകുട്ടികൾക്കും പെൺകുട്ടി കൾക്കും പ്രത്യേകമായി നിർമ്മിച്ചിരിക്കുന്നു. യു.പി., എച്ച്.എസ്. വിദ്യാർത്ഥികൾക്ക് ആധു നീക രീതിയിലുള്ള കമ്പ്യൂട്ടർ സയൻസ് ലാബുകൾ. ആധുനീക സജ്ജീകരണങ്ങളോടുകൂ ടിയ ലൈബ്രറിയും ഓഡിയോ വിഷ്വൽ ഹാളും പൂർത്തീകരിക്കുന്നു. എല്ലാ നിലകളിലും ശുദ്ധീകരിച്ച കുടിവെള്ളം കുട്ടികൾക്ക് ലഭിക്കുന്ന സൗകര്യം ഉണ്ട്. എല്ലാ നിലകളിലും അനൗൺസ്മെന്റിനായി സ്പീക്കർ സൗകര്യം. പ്രത്യേക രീതിയിൽ നിർമ്മിക്കപ്പെട്ടിരിക്കുന്ന ജൈവവൈവിധ്യ ഉദ്യാനം. 800ഓളം കുട്ടികൾക്ക് ഒരേ സമയം ഇരിക്കാൻ സൗകര്യമുള്ള ആധുനീക സജ്ജീകരണങ്ങളോടുകൂടിയ ആഡിറ്റോറിയം. എല്ലാ മേഖലകളിലും വാഹന സൗകര്യം. പ്രത്യേകം തയ്യാറാക്കിയിരിക്കുന്ന കളിസ്ഥലം.

### ബി) ഭൗതീകം – പരിമിതികൾ

വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണം കഴിക്കുന്നതിനുള്ള മെസ് ഹാൾ ഇല്ല.

മഴവെള്ള സംഭരണിയില്ല.

### സി) അക്കാദമികം – നേട്ടങ്ങൾ

തുടർച്ചയായി എസ്.എസ്.എൽ.സി. പരീക്ഷയയ്ക്ക് 100% വിജയം കരസ്ഥമാക്കി പോരുന്നു. എസ്.എസ്.എൽ.സി. കുട്ടികൾക്ക് മോർണിംഗ് ഈവനിംഗ് നൈറ്റ് ക്ലാസ്സ് എന്നി ങ്ങനെ നൽകി പോരുന്നു. എൻ.സി.സി., ജെ.ആർ.സി., സ്കൗട്ട് & ഗൈഡ് എന്നിവയും ഭംഗി യായി നടന്ന് പോരുന്നു. ഇവയുടെയും സ്കൂൾ പി.റ്റി.എ.യുടെയും നേതൃത്വത്തിലുള്ള ജീവ കാരുണ്യ പ്രവർത്തനങ്ങൾ നടന്നുപോരുന്നു. കലാകായികം എന്നിവയിലും കുട്ടികൾ സംസ്ഥാനതലം വരെയുള്ള കുട്ടികൾ പങ്കെടുക്കുന്നു. തുടർച്ചയായി 6 വർഷം സ്പോർട്സിൽ സബ്ജില്ലാതലത്തിൽ ഓവറോൾ നേടാൻ സാധിച്ചു. എൻ.എം.എം.എസ്, എൻ.റ്റിഎസ്, യു.എസ്.എസ്. എന്നിവ കുട്ടികൾ എല്ലാ വർഷവും കരസ്ഥമാക്കുന്നുണ്ട്. നേച്ചർ ക്ലബ്ബ്, നല്ല പാഠം ഉൾപ്പടെയുള്ള എല്ലാ ക്ലബ്ബുകളുടെയും പ്രവർത്തനം ഭംഗിയായി നടത്തിപ്പോരുന്നു. പഠനത്തിൽ ഉന്നത വിജയം നേടുന്ന കുട്ടികൾക്ക് എല്ലാ വർഷവും എൻഡോവ്മെന്റുകൾ നൽകി വരുന്നു.

## മികവിനായി ഏറ്റെടുത്ത പ്രവർത്തനങ്ങൾ – ഒറ്റനോട്ടത്തിൽ

| അക്കാദമികം | ഭൗതീകം | സാമൂഹികം |
|---|---|---|
| രചനാ ശില്പശാല<br>കുട്ടീസ് റേഡിയോ<br>ദിനാചരണങ്ങൾ<br>ഗ്രന്ഥശാലാ ശാക്തീകരണം<br>നാടകക്കളരി<br>സർഗ്ഗശേഷി വികസനം<br>കൈയ്യെഴുത്ത് മാസിക തയ്യാറാക്കൽ<br>ഭാഷാശേഷി വികസനം<br>ജൈവവൈവിധ്യപാർക്ക്<br>കലാകായികമേള<br>ഐടി പരിശീലനം<br>ക്ലാസ്സ് പി.ടി.എ. സജീവമാക്കൽ<br>പച്ചക്കറിത്തോട്ടം<br>ശാസ്ത്രാഭിരുചി വളർത്തൽ<br>മെഡിക്കൽ ക്യാമ്പ്<br>കായിക പഠനം<br>ടേം മൂല്യനിർണ്ണയം<br>നിരന്തര വിലയിരുത്തൽ | ഡൈനിംഗ് ഹാൾ<br>മാലിന്യസംസ്കരണം<br>ജന്മദിനത്തിനൊരു പുസ്തകം<br>മൾട്ടീമീഡിയ റൂം<br>ലൈബ്രറി<br>അടുക്കള | പി.ടി.എ. ശക്തിപ്പെടുത്തൽ<br>വിദ്യാലയവികസന സമിതി<br>പൂർവ്വവിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം<br>ഭവന സന്ദർശനം<br>പ്രാദേശിക പി.ടി.എ.<br>വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടൽ |

# മലയാളം

## രചനാശില്പശാല

**പ്രവർത്തനം : 1** **ഉപമേഖല : അക്കാദമികം മാതൃഭാഷ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സർഗ്ഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരമൊരുക്കൽ. വായന സാമഗ്രികളുടെ നിർമ്മാണം. | സർഗ്ഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരമൊരുക്കൽ. വായന സാമഗ്രികളുടെ നിർമ്മാണം. | മൂന്ന് മാസത്തിലൊരിക്കൽ | ഭാഷാദ്ധ്യാപകർ | 300 രൂപ |

## കുട്ടീസ് റേഡിയോ

**പ്രവർത്തനം :2** **ഉപമേഖല : ഭാഷയുടെ പ്രകടനപരത**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അവതരണമികവ് , സംഘടനാശേഷി കൈവരിക്കണം | വിദ്യാലയത്തിൽ ക്രമീകരിച്ചിരിക്കുന്ന റേഡിയോ സ്റ്റുഡിയോയിൽ നിന്നും എല്ലാ ക്ലാസ്സുകളിലും ക്രമീകരിച്ചിരിക്കുന്നു. സ്പീക്കറുകളിലേക്ക് ഒഴിവ് സമയത്ത് റേഡിയോ പ്രേക്ഷണം കുട്ടികളുടെ വിവിധ കലാപരിപാടി അവതരണം ഔദ്യോഗിക അറിയിപ്പുകൾ , ദിനപ്രാധാന്യം | ഒഴിവ് സമയങ്ങളിൽ | ക്ലാസ്സ് തലം | സൗകര്യങ്ങൾ നിലവിലുണ്ട്. |

## ദിനാചരണങ്ങൾ

**പ്രവർത്തനം : 3** **ഉപമേഖല : സമഗ്രവികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ, എസ്.ആർ.ജി.യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അത് നടത്തുന്നു. | ആവശ്യാനുസരണം | എസ്.ആർ.ജി | |

## ഗ്രന്ഥശാല ശാക്തീകരണം

**പ്രവർത്തനം : 4** **ഉപമേഖല : ഭാഷാവികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധ സാഹിത്യ രൂപങ്ങൾ പരിചയപ്പെടാൻ അവസരമൊരുക്കൽ | ഗ്രന്ഥശാലയിലേക്ക് കൂടുതൽ പുസ്തകങ്ങൾ ശേഖരിക്കൽ കുട്ടികളുടെ പിറന്നാൾ ദിവസങ്ങളിൽ ഗ്രന്ഥശാലയിലേക്ക് പുസ്തക സംഭാവന | ഏത് അവസരത്തിലും | ഭാഷാധ്യാപകർ, ക്ലാസ്സ് തല അധ്യാപകർ, ലൈബ്രേറിയൻ | |

## നാടകക്കളരി

**പ്രവർത്തനം : 5** — **ഉപമേഖല : ഭാഷാശേഷികളുടെ വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഒരു സാഹിത്യ രൂപത്തെ മറ്റൊരു രൂപത്തിലേക്ക് മാറ്റൽ | പാഠഭാഗങ്ങളിലുള്ള ചെറുകഥകൾ നാടകരൂപത്തിലാക്കുന്നു. | വർഷത്തിൽ ഒന്ന് | ഭാഷാധ്യാപകർ | |

## അഭിമുഖം

**പ്രവർത്തനം : 6** — **ഉപമേഖല : സർഗ്ഗശേഷി വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സർഗ്ഗശേഷികളുടെ പരിപോഷണം | പ്രശസ്തനായ ഒരു സാഹിത്യകാരനുമായി അഭിമുഖം | വർഷത്തിൽ ഒന്ന് | എസ്.ആർ.ജി. | 25000 രൂപ |

## കയ്യെഴുത്ത് മാസിക തയ്യാറാക്കൽ

**പ്രവർത്തനം : 7** — **ഉപമേഖല : ഭാഷാ –സർഗ്ഗശേഷി വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സർഗ്ഗശേഷികളുടെ പരിപോഷണം | കുട്ടികളുടെ മികച്ച രചനകൾ ശേഖരിക്കൽ | വർഷത്തിൽ ഒന്ന് | വിവിധ ഭാഷാധ്യാപകർ, ചിത്രകലാധ്യാപകൻ | 5000 രൂപ |

## ബ്ലോഗ് നിറയ്ക്കൽ

**പ്രവർത്തനം : 8** **ഉപമേഖല : ഭാഷാശേഷി വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| രചനകൾ നവമാധ്യമങ്ങളിലൂടെ പ്രസിദ്ധീകരിക്കുന്നു. | കുട്ടികളുടെ മികച്ച രചനകൾ സ്കൂൾ ബ്ലോഗിൽ ചേർക്കൽ | പ്രതിമാസപരിപാടി | വിദ്യാരംഗം<br>എസ്.ഐ.റ്റി.സി | |

## സംസ്കൃതം

## ഭാഷാശുദ്ധികൈവരിക്കുക

**പ്രവർത്തനം : 9** **ഉപമേഖല : ഭാഷാശേഷി വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അക്ഷരസ്ഫുടത യോടെ സ്വരസ്ഥാന ങ്ങൾക്കനുസരിച്ച് ഭാഷസംസാരിക്കുവാ നുള്ള പ്രാപ്തി കൈവരിക്കുക. | സ്വരസ്ഥാനങ്ങൾക്കനുസരിച്ച് അക്ഷരസ്ഫുടതയോടെ ഉച്ചരിക്കാൻ പരിശീലിപ്പിക്കുക. സ്വരസ്ഥാനങ്ങൾ പരിചയപ്പെടുത്തുക. | ദിവസവും | ഭാഷാദ്ധ്യാപകർ | |

## ഗ്രന്ഥശാല ശാക്തീകരണം

**പ്രവർത്തനം : 10** **ഉപമേഖല : ഭാഷാശേഷി വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധ സാഹിത്യ രൂപങ്ങൾ പരിചയപ്പെടാൻ ഭാഷാപഠനം പരിപോഷിപ്പിക്കൽ | ഗ്രന്ഥശാലയിലേക്ക് കൂടുതൽ പുസ്തകങ്ങൾ കണ്ടെത്തൽ. കണ്ടെത്തിയവ വർഗ്ഗീകരിക്കൽ, രജിസ്റ്റർ തയ്യാറാക്കൽ | വർഷത്തിൽ ഒരു പ്രാവിശ്യം പുസ്തകം വാങ്ങൽ | ഭാഷാധ്യാപകർ, പ്രധാന അധ്യാപക, സംസ്കൃത ക്ലബ്ബ് | 1000 രൂപ പ്രതിവർഷം |

## അസംബ്ലി (സംസ്കൃതം)

**പ്രവർത്തനം : 11** **ഉപമേഖല : സംസ്കൃതഭാഷാപഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാകുട്ടികൾക്കും സംസ്കൃത ഭാഷ ശ്രവിക്കാനും പരിചയപ്പെടാനുമുള്ള അവസരം സംസ്കൃതം പഠിക്കുന്ന കുട്ടികൾക്ക് വായിക്കുവാനും എഴുതുവാനും സംസാരിക്കാവാനുമുള്ള കഴിവ് വികസിപ്പിക്കുക. | മാസത്തിൽ ഒരു ദിവസം കുട്ടികൾ തന്നെ അസംബ്ലിയിലെ മുഴുവൻ കാര്യങ്ങളും – പ്രാർത്ഥന, പ്രതിജ്ഞ, വാർത്താവായന സുഭാഷിതം എന്നിവ സംസ്കൃതഭാഷയിൽ അവതരിപ്പിക്കുന്നു | മാസത്തിൽ ഒരു ദിവസം | സംസ്കൃതാദ്ധ്യാപിക | |

## വ്യവഹാരിക പദകോശനിർമ്മാണം

**ഉപമേഖല :**
**നിത്യോപയോഗവസ്തുക്കളുടെയും മറ്റും സംസ്കൃതപദം പരിചയപ്പെടുക**

**പ്രവർത്തനം : 12**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നിത്യജീവതിത്തിൽ ആവശ്യമായ പദങ്ങളുടെ സംസ്കൃത നാമം സ്വായത്തമാക്കുക | സാധനങ്ങൾ, സ്ഥാവരജംഗമ വസ്തുക്കൾ, ജീവജാലങ്ങൾ, പദാർത്ഥങ്ങൾ (ഭക്ഷണം), ധ്യാന്യങ്ങൾ തുടങ്ങി നിത്യജീവിതത്തിൽ ആവശ്യമായതും പ്രയോഗിക്കേണ്ടതുമായ പദങ്ങളുടെ സംസ്കൃത നാമം കണ്ടെത്തി വർഗ്ഗീകരിച്ച് പദകോശ രൂപത്തിൽ ക്രമീകരിക്കുക. | ഒരു വർഷം | സംസ്കൃതാദ്ധ്യാപിക, ക്ലബ്ബ് അംഗങ്ങൾ | |

## രചനാശില്പശാല

**പ്രവർത്തനം : 13** **ഉപമേഖല : സംസ്കൃതഭാഷാപഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സംസ്കൃത ഭാഷയിലെ വിവിധശേഷികളുടെ വികാസം | കഥാരചന, കവിതാരചന, ഉപന്യാസ രചന എന്നിവ സംഘടിപ്പിക്കൽ | മാസത്തിൽ ഒരു ദിവസം | അദ്ധ്യാപിക | |

## യോഗാപരിശീലനം

**പ്രവർത്തനം : 14** **ഉപമേഖല : പൈതൃകരീതിയിൽ ആരോഗ്യ സംരക്ഷണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാരതീയ പാരമ്പര്യ രീതിയിൽ ആരോഗ്യ സംരക്ഷണം | യോഗാചര്യന്റെ സേവനം സ്വീകരിച്ചുകൊണ്ട് യോഗ പരിശീലനം നടത്തുക | ആഴ്ചയിൽ ഒരു ദിവസം | പ്രധാന അദ്ധ്യാപിക പിടിഎ, സ്കൂളിലെ മറ്റ് അദ്ധ്യാപകർ | |

# അറബിക് യു.പി. മാസ്റ്റർ പ്ലാൻ

**പ്രവർത്തനങ്ങൾ :**

1. അറബി ഭാഷാമികവ്
2. ഭാഷാശേഷി കൈവരിക്കൽ
3. സർഗ്ഗാത്മക കഴിവ്
4. അറബിക് സാഹിത്യപരിചയം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷശേഷി കൈവരിക്കൽ. അക്ഷര ശുദ്ധിയോടെകൂടി ഭാഷാ ശേഷി കൈവരിക്കുക | അക്ഷരങ്ങൾ, വാക്കുകൾ, വാചകങ്ങൾ കൈകാര്യം ചെയ്യാൻ പരിശീലിപ്പിക്കൽ | ദിവസവും | ഭാഷാദ്ധ്യാപികയുടെ ഇടപെടലിലൂടെ | |
| സർഗാത്മക കഴിവ് സർഗ്ത്മക രചനകളിൽ ഏർപ്പെടാൻ അവസരം ഒരുക്കൽ | പദനിർമ്മാണം പദപ്പയറ്റ് അറബിക് മാഗസിൻ നിർമ്മാണം | ആഴ്ചയിൽ ഒരിക്കൽ | അദ്ധ്യാപികയുടെ പിന്തുണ യോടുകൂടി | |
| അറബിക് അസംബ്ളി സാഹിത്യ പരിചയത്തിന് | അറബിക് അസംബ്ളിക്ക് അവസരം നൽകൽ | മാസത്തിൽ ഒരു തവണ | | |
| ലൈബ്രറി | ഗ്രന്ഥശാല നിർമ്മാണം. അറബിക് ഗ്രന്ഥങ്ങൾ കണ്ടെത്തി വായനയ്ക്ക് അവസരം നൽകൽ. പുസ്തക ക്രമീകരണം | വർഷത്തിൽ ഒരു തവണ | ഭാഷാദ്ധ്യാപിക, ഹെഡ്മിസ്ട്രസ് | 1000 രൂപ |

## ഭാഷാമികവ്

**ഉപമേഖല : ഭാഷാപഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അറബി ഭാഷ മികവ് : ഭാഷാ പഠിക്കുന്ന മുഴുവൻ കുട്ടികൾക്കും ഭാഷ പരിചയപ്പെടാൻ അവസരം നൽകുക. അറബി ഭാഷ പഠിക്കുന്ന കുട്ടികൾക്ക് അത് കൂടുതൽ കേൾക്കാനും വിനിമയം നടത്താനും അവസരം ഒരുക്കുക. അതിലൂടെ കുട്ടി എഴുതാനും വായിക്കാനും | മാസത്തിൽ ഒരു ദിവസം പഠിക്കുന്ന മുഴുവൻ കുട്ടി കളെയും സംഘടിപ്പിച്ച് ആശയ വിനിമയം അറബിക് വായനപതിപ്പ് നൽകൽ, പരിചയപ്പെടൽ അധിക വായന നൽകൽ | മാസ ത്തിൽ ഒരു ദിവസം | അദ്ധ്യാപിക | |

## ഇംഗ്ലീഷ് ഭാഷാവികസനം

**ലക്ഷ്യങ്ങൾ :**

- എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ എഴുതുവാനും വായിക്കാനുമുള്ള കഴിവ്
- സംസാരത്തിലൂടെയും എഴുത്തിലൂടെയും ആശയവിനിമയം നടത്തുവാനുള്ള കഴിവ് പ്രോത്സാഹിപ്പിക്കുക.
- സാഹിത്യരചനകളെ ഇഷ്ടപ്പെടുവാനും സാഹിത്യ അഭിരുചി വർദ്ധിപ്പിക്കാനും പ്രോത്സാഹിപ്പിക്കുക.
- ഐസിറ്റി യുടെ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാപഠനത്തിന് ഉപയോഗിക്കുന്നു

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| **Story time** | പാഠഭാഗത്തെ ബന്ധപ്പെടുത്തിയുള്ള കുട്ടികളുടെ അവതരണ മികവ്<br>Eg. narration, language game etc.. | ഓരോ മാസത്തിലെയും 2, 4 വെള്ളി യാഴ്ചകൾ | **English teacher** | |
| **News reading** | ഉച്ചാരണ ശുദ്ധിയോടെ വായിക്കുക | ആഴ്ചയിൽ ഒരിക്കൽ | **English teacher** | |
| **English Puzzles** | വൊക്കാബുലറി മെച്ചപ്പെടുത്തുക | മാസത്തിൽ ഒരിക്കൽ | **English teacher** | പൂർവ്വ വിദ്യാർത്ഥികളിൽ നിന്നും |
| **Writing Board (Interactive board)** | പുതിയ പദങ്ങളെ പരിചയപ്പെടുത്തുക | ആഴ്ചയിൽ ഒരിക്കൽ | **English teacher** | **CSR fund 35000/-** |
| **Public speaking** | ഭാഷാ പരിപോഷണം | മാസത്തിൽ ഒരിക്കൽ | **English teacher** | |
| **Drama & Theatre** | കുട്ടികളുടെ കലാവാസന പ്രോത്സാഹിപ്പിക്കുന്നു | 2 മാസം കൂടുമ്പോൾ | **English teacher** | |
| **Poem, Story, Essay Writing** | കുട്ടികളുടെ സർഗ്ഗാത്മക രചനയെ പ്രോത്സാഹിപ്പിക്കുന്നു | ഓരോ ടേമിലും നടത്തുന്നു. | **English teacher** | **PTA fund 2000/-** |
| **Dictation** | ഓരോ യൂണിറ്റ് തീരുന്നതനുസരിച്ച ഡിറ്റേഷൻ നടത്തുന്നു. | എല്ലാ മാസവും നടത്തുന്നു | **English teacher** | |
| **Grammer** നിലവാരം മെച്ചപ്പെടുത്തൽ | ഐസിറ്റി ഉപയോഗിച്ച് സിഡി, ഗെയിം എന്നിവയിലൂടെ ഗ്രാമർ അധിഷ്ഠിത വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നു. | എല്ലാ മാസവും | **English teacher** | അദ്ധ്യാപിക കൂട്ടായ്മയിൽ നിന്നും പ്രതിവർഷം 5000/- |
| **Short film** | കുട്ടികളുടെ അവതരണമികവ്, ക്രിയാത്മക രചന, ഐസിറ്റിയുടെ ഉപയോഗം | വർഷത്തിൽ ഒന്ന് | **English teacher** | **PTA fund** |
| **Language lab** | **Speaking and listening skill** വർദ്ധിപ്പിക്കുന്നു. | ദീർഘകാല പ്രവർത്തനം | **HM, English teacher** | പൂർവ്വ വിദ്യാർത്ഥികളിൽ നിന്നും |

# ഹിന്ദി

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല | ചിലവ് |
|---|---|---|---|---|
| എല്ലാ വിദ്യാർത്ഥികളും ഹിന്ദി പറയുവാനും എഴുതുവാനും വായിക്കുവാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | വിദ്യാർത്ഥികളുടെ പഠന നിലവാരം കണ്ടെത്തുന്നതിനുള്ള പ്രിടെസ്റ്റ് നടത്തി അത് വിശകലനം ചെയ്ത് മേന്മകളും കുറവുകളും കണ്ടെത്തുക. | ജൂൺ രണ്ടാമത്തെ ആഴ്ച | ഹിന്ദി അദ്ധ്യാപകർ എസ്.ആർ.ജി | **PTA fund 5000/-** |
| | കുറവുകൾ പരിഹരിക്കുന്നതിനു വേണ്ടി വർക്കിംഗ് പാക്കേജ് തയ്യാറാക്കുക | ജൂൺ അവസാന ആഴ്ച | HM, SRG ഹിന്ദി അദ്ധ്യാപകർ | 500 /- ഹിന്ദി അദ്ധ്യാപകർ |
| | ഹിന്ദി അസംബ്ലി | മാസത്തിലൊരിക്കൽ | ക്ലാസ് അദ്ധ്യാപകൻ ഹിന്ദി അദ്ധ്യാപകർ | |
| | ഹിന്ദി ഡയറി | ആഴ്ചയിലൊരിക്കൽ | ക്ലാസ് അദ്ധ്യാപകൻ ഹിന്ദി അദ്ധ്യാപകർ | |
| | ഒരു ദിവസം ഒരു ഭാഷ | ആഴ്ചയിലൊരിക്കൽ | ഹിന്ദി അദ്ധ്യാപകർ | |
| | ഹിന്ദി ക്ലാസ്സ്, ലൈബ്രറി, നിഘണ്ടു, ഹിന്ദി വർത്തമാനപത്രം, ഹിന്ദി മാസിക, വിദ്യാർത്ഥികളുടെ രചനകൾ മുതലായവ | എല്ലാ ദിവസവും | ക്ലാസ് അദ്ധ്യാപകൻ ഹിന്ദി അദ്ധ്യാപകർ | |
| | ഹിന്ദി തീയേറ്റർ | ജൂലൈ-മാർച്ച് | ഹിന്ദി അദ്ധ്യാപകൻ HM, PTA | 25000/- പൂർവ്വ വിദ്യാർത്ഥികൾ അദ്ധ്യാപകൻ HM, PTA |
| | **Spoken Hindi class** | ജൂലൈ-മാർച്ച് | ഹിന്ദി അദ്ധ്യാപകൻ | |
| | **Audi-video CDS** | ജൂലൈ-മാർച്ച് | HM, ഹിന്ദി അദ്ധ്യാപകൻ | 5000/- ഹിന്ദി അദ്ധ്യാപകൻ |
| | ഭാഷാ ലാബ് | നീണ്ട കാലയളവ് | ഹിന്ദി അദ്ധ്യാപകർ HM, PTA | 20000/- പൂർവ്വ വിദ്യാർത്ഥികൾ |
| | സ്കൂൾ ലൈബറി | നീണ്ട കാലയളവ് | HM, SRG ഹിന്ദി അദ്ധ്യാപകർ | 10000/- പൂർവ്വ വിദ്യാർത്ഥികൾ അദ്ധ്യാപകർ |
| | വർക്ഷോപ്പ്, നാടകം, സിനിമ മുതലായവ | ജൂലൈ-മാർച്ച് | ഹിന്ദി അദ്ധ്യാപകർ HM, PTA | 1000/- |
| | ഹിന്ദി ചിത്രപ്രദർശനം | ഡിസംബർ | എല്ലാ ജീവനക്കാരും HM, PTA | |
| | ഹിന്ദി ക്ലബ്ബ് പ്രവർത്തനങ്ങളുടെ ചാർട്ടുകൾ | ജൂലൈ-മാർച്ച് | ഹിന്ദി അദ്ധ്യാപകർ | 2000/- (ഹിന്ദി അദ്ധ്യാപകർ) |

## യു. പി. മുതൽ ഹൈസ്കളൂൾ തലം വരെ ആവശ്യമായവ

1. ഹിന്ദി – ഇംഗ്ലീഷ് – മലയാളം നിഘണ്ടു
2. ഹിന്ദി വർത്തമാന പത്രം
3. ആഴ്ചപതിപ്പ്, മാസികകൾ മുതലായവ
4. ഹിന്ദി വ്യാകരണ പുസ്തകം
5. വിദ്യാർത്ഥികൾക്ക് പ്രയോജന പ്രദമാക്കുന്ന ഹിന്ദി പുസ്തകങ്ങൾ
6. ഹിന്ദി ലാബ്
7. ഹിന്ദി സാഹിത്യകാരൻമാരുടെ ചിത്രങ്ങൾ
8. ഹിന്ദി സംബന്ധമായ ഉദ്ധരണികൾ
9. ഹിന്ദി സിഡികൾ
10. ഹിന്ദി ചാർട്ട് മുതലായവ

## സ്കൂളിൽ ഹിന്ദി ചിത്രപ്രദർശനത്തിന് ആവശ്യമായവ

1. നിത്യജീവിതവുമായി ബന്ധപ്പെട്ട വസ്തുക്കളുടെ പ്രദർശനം, അവയുടെ ഹിന്ദി നാമവും
2. ഹിന്ദിയിലെ മഹദ് വചനങ്ങൾ
3. ഹിന്ദി പുസ്തകങ്ങൾ അല്ലെങ്കിൽ മാസികകൾ
4. ഹിന്ദി സാഹിത്യകാരന്മാരുടെ മാസികകൾ
5. ഹിന്ദി സാഹിത്യകാരൻമാരുടെ ചിത്രങ്ങൾ
6. ഹിന്ദിയിലും മലയാളത്തിലുമുള്ള വാക്കുകളുടെ പട്ടിക

(ബന്ധങ്ങൾ, മൃഗങ്ങൾ, പക്ഷികൾ, ആരോഗ്യവുമായി ബന്ധപ്പെട്ട വസ്തുക്കൾ, പച്ചക്കറികൾ, പുഷ്പങ്ങൾ, വീട്ടുപകരണങ്ങൾ മുതലായവ.)

# സാമൂഹ്യശാസ്ത്രം

## ബുള്ളറ്റിൻ ബോർഡ്

**പ്രവർത്തനം : 1** **മേഖല : അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹിക ശാസ്ത്ര അറിവുകളെ അപ്ഡേറ്റ് ചെയ്യൽ | ഓരോ ക്ലാസ് റൂമിലും ചെറിയ ബുള്ളറ്റിൽ ബോർഡ് സ്ഥാപിക്കുകയും എല്ലാ ദിവസത്തേയും സാമൂഹ്യ പ്രസക്തമായ പ്രധാന വാർത്തകളും ചിത്രങ്ങളും പ്രദർശിപ്പിക്കുക | എല്ലാ ദിവസങ്ങളിലും | ക്ലാസ്സിലെ എസ്.എസ്. അംഗങ്ങൾ | 10000/- |

## ലൈബ്രറി കോർണർ

**പ്രവർത്തനം : 2** **മേഖല : അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹ്യശാസ്ത്രത്തിന്റെ വിശാലമായ ലക്ഷ്യത്തോടെ കുട്ടികളെ പ്രവേശിപ്പിക്കൽ | അധിക വായനയ്ക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ, അറ്റ്ലസുകൾ, ഇയർ ബുക്കുകൾ, മഹാന്മാരുടെ ആത്മകഥ, ജീവചരിത്രങ്ങൾ എന്നിവയ്ക്ക് ഊന്നൽ കൊടുത്തു കൊണ്ടുള്ള വായന കോർണർ ഒരുക്കൽ, കോർണർ ഷെഫ് ക്രമീകരണം | വർഷത്തിലൊരിക്കൽ | എസ്.എസ്. അധ്യാപകർ | 25000/- |

## സാമൂഹ്യശാസ്ത്ര ലാബ്

**പ്രവർത്തനം : 4**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹ്യശാസ്ത്ര പഠനം ശാസ്ത്രീയമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ലാബ് ക്രമീകരിക്കൽ, പ്രൊജക്ടർ, ലാപ്ടോപ് എന്നിവ ക്രമീകരിച്ച് റിസോഴ്സ് സിഡിയിൽ പ്രദർശിപ്പിക്കുവാനുള്ള സൗകര്യം | വർഷത്തിലൊരിക്കൽ | എസ്.എസ്. ക്ലബ്ബ് | 10000/- |

## സാമൂഹ്യശാസ്ത്ര ക്വിസ്

**പ്രവർത്തനം : 5**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക |
|---|---|---|---|---|
| പൊതുവിജ്ഞാനം വർദ്ധിപ്പിക്കൽ | ആഴ്ചയിൽ ഒരു ദിവസം ഓരോ ക്ലാസിലെയും കുട്ടികളെ പങ്കെടുപ്പിച്ചു കൊണ്ട് ക്വിസ് മത്സരം നടത്തൽ | ആഴ്ചയിലൊരിക്കൽ | എസ്.എസ്. അധ്യാപകർ | 1000/- |

## മാഗസിൻ നിർമ്മാണം

**പ്രവർത്തനം : 6**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ക്രിയാത്മക ശേഷി വർദ്ധിപ്പിക്കൽ | പാദവാർഷിക അവധിക്കാലത്ത് പാഠ ഭാഗങ്ങളെ ഉൾക്കൊള്ളിച്ച്കൊണ്ട് മാഗസിൻ നിർമ്മിക്കുക | വർഷത്തിലൊരിക്കൽ | എസ്.എസ്. ക്ലബ്ബ് അംഗങ്ങൾ | 5000/- |

## ദിനാചരണങ്ങൾ

**പ്രവർത്തനം : 7**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | | | | |

# ഗണിതം

## ഗണിത ശില്പശാല

പ്രവർത്തനം : 1 　　　　ഉപമേഖല : അക്കാദമികം/ഗണിതശേഷികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലനശേഷികളുടെ വികാസം | ചൈനീസ് കലയായ ടാൻഗ്രാമും ജപ്പാനീസ് കലയായ ഒറിഗാമിയും ഉൾപ്പെടുത്തി കൊണ്ടുള്ള ശില്പശാല. അനുബന്ധ പ്രവർത്തനമായി ഇവയുടെ നിർമ്മാണം (ഗണിത രൂപങ്ങളുടെ നിർമ്മാണം) മത്സര രൂപേണ നടത്തുകയും പ്രദർശിപ്പിക്കുകയും ചെയ്യുന്ന പ്രവർത്തനം | വർഷത്തിൽ ഒരു പ്രാവിശ്യം | **SRG Maths club** | 1500/- **PTA fund** |

## ഗണിത ലാബ് വികസനം

പ്രവർത്തനം : 2

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് ക്രമീകരിക്കൽ. ക്ലാസ് നടത്തുവാനും പ്രവർത്തനങ്ങൾ നടത്തുവാനും ഉതകുന്ന രീതിയിലുള്ള സജ്ജീകരണം തയ്യാറാക്കുക. | 3 വർഷം | SRG, Old students Association, Maths club, PTA, School managing committee | 1 lakh |

## മാതസ് ഫീസ്റ്റ

പ്രവർത്തനം : 3 　　　　ഉപമേഖല : അക്കാദമികം/ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതാഭിരുചി വർദ്ധിപ്പിക്കൽ | ഗണിത പസിലുകൾ നൽകുന്നു. നോട്ടിസ് ബോർഡിൽ ചോദ്യങ്ങൾ പ്രദർശിപ്പി ക്കുകയും കുട്ടികൾ ഉത്തരം കണ്ടെത്തി ബോക്സിൽ നിക്ഷേപിക്കുകയും ചെയ്യുന്നു. | മാസത്തിൽ രണ്ട് | **Maths club** | 2000/- **PTA fund HM** |
| | ഗണിത ക്വിസ്സുകൾ സംഘടിപ്പിക്കൽ | മാസത്തിൽ രണ്ട് | | |
| | ഗണിത മാഗസിൻ പ്രകാശനം സ്കൂൾ അസംബ്ലിയിൽ | വർഷത്തിൽ ഒന്ന് | | |
| | ഗണിത ദിനാചരണങ്ങൾ | വർഷത്തിൽ ഒന്ന് | | |

# ശാസ്ത്രം

## സയൻസ് ലാബ് നവീകരണം

**പ്രവർത്തനം : 1** **ഉപമേഖല : അക്കാദമികം/ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര ലാബിനെ നവീകരിക്കൽ | പ്രൊജക്ടർ, ലാപ്ടോപ്പുകൾ, എക്സിപിരിമെന്റൽ കിറ്റ്സ്, ഓരോ ശാസ്ത്ര വിഭാഗത്തിനും തിരിച്ച് പരീക്ഷണ സാമഗ്രികൾ സ്ലൈഡ്സ്, ചാർട്ടുകൾ, രാസവസ്തുക്കൾ, സായൻസ് ലാബിന് ആവശ്യമുള്ള വിവിധ സാമഗ്രികൾ, ജൈവ വൈവിധ്യ പാർക്ക് | മധ്യവേനൽ അവധിക്കാലം | സർക്കാർ സ്കൂൾ ഹെഡ് | |

## ശാസ്ത്ര ബോധന പരിപാടികൾ

**പ്രവർത്തനം : 2** **ഉപമേഖല : അക്കാദമികം/ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രീയ മനോഭാവം രൂപപ്പെടുത്തൽ | ഊർജ്ജം, ആരോഗ്യം, കൃഷി, കൗമാരം എന്നിവയുമായി ബന്ധപ്പെട്ട അഭിമുഖം, സംവാദം, സെമിനാൽ ക്ലാസ്സുകൾ | അർദ്ധ വാർഷിക പരിപാടി | സർക്കാർ സ്കൂൾ ഹെഡ് | |

## പ്രതിഭാപോഷണ പരിപാടികൾ

**പ്രവർത്തനം : 3** **ഉപമേഖല : അക്കാദമികം/ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രതിഭകൾക്ക് വിവിധ പരിശീലനവും ക്ലാസ്സുകളും നൽകൽ | ശാസ്ത്ര വിദഗ്ധരെക്കൊണ്ട് പ്രതിഭകൾക്ക് ഒഴിവുസമയങ്ങളിൽ പരിശീലന ക്ലാസ്സുകൾ നൽകുക, ശാസ്ത്രക്വിസ്, മേളകൾ, സെമിനാൽ എന്നിവയിൽ പങ്കെടുപ്പിക്കൽ | അവധി ദിവസങ്ങൾ | SRG | |

## ശാസ്ത്രയാത്രകൾ

**പ്രവർത്തനം : 4** **ഉപമേഖല : അക്കാദമികം/ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പഠനം രസകരമാക്കൽ | ഡാമുകൾ, വെള്ളൂർ ന്യൂസ്പ്രിന്റ്, പവർ സ്റ്റേഷനുകൾ, കുസാറ്റ്, സൂ, എക്സ്പോ, ബൊട്ടാണിക്കൽ ഗാർഡൻ, ഫോറസ്റ്റ് | പ്രതിവർഷം രണ്ട് യാത്രകൾ | സ്കൂൾ പി.റ്റി.എ | |

## മേളകൾ

**പ്രവർത്തനം : 5** **ഉപമേഖല : അക്കാദമികം/ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പ്രതിഭകളെ വളർത്തിയെടുക്കൽ | സ്കൂൾ തല ശാസ്ത്രമേളയിൽ കൂടുതൽ കുട്ടികളെ പങ്കെടുപ്പിക്കുക. അതിൽ നിന്ന് പ്രതിഭകളെ കണ്ടെത്തി ജില്ലാതലം/സംസ്ഥാനം/ദേശിയതലം തുടങ്ങിയവയിൽ പങ്കെടുപ്പിച്ച് ആ പ്രതിഭകളെ ഉന്നതിയിൽ എത്തിക്കുക. | വർഷത്തിൽ ഒരു പ്രാവിശ്യം | സ്കൂൾ അതോറിറ്റി സയൻസ് ക്ലബ്ബ് പിറ്റിഎ | |

## ദിനാചരണങ്ങൾ

**പ്രവർത്തനം : 5** **ഉപമേഖല : അക്കാദമികം/ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ ദിനാചരണത്തിന്റെയും പ്രാധാന്യം മനസ്സിലാക്കൽ | ഓരോ ദിനാചരണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ അസംബ്ലിയിൽ അവതരിപ്പിക്കൽ, സെമിനാറുകൾ, റാലികൾ, ക്വിസ് മത്സരങ്ങൾ, ബോധവത്ക്കരണ ക്ലാസ്സുകൾ, പ്ലക്കാർഡുകൾ | ദിനാചരണ ദിവസങ്ങൾ | സയൻസ് ക്ലബ്ബ് | |

# കലാകേന്ദ്രം (ART ROOM)

## കലാപരിശീലനം

**പ്രവർത്തനം : 1**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം | പ്രതീക്ഷിക്കുന്നത് |
|---|---|---|---|---|---|
| കലാഭിരുചി പ്രത്യേക പരിശീലന കേന്ദ്രം | ചിത്രകല സംഗീതം, നൃത്തം, നാടകം, വാദ്യോപകരണ പരിശീലനം | അവധി ദിവസങ്ങൾ/ ഒഴിവ് സമയം | ആർട്സ് ക്ലബ്ബ്/ കലാദ്ധ്യാപകർ | 100000/- | കലാപഠനത്തിന് പ്രത്യേക കേന്ദ്രം. ശാസ്ത്രീയ പഠനത്തിന് നൃത്തം, സംഗീതം, നാടകം മേഖലയിൽ വിദഗ്ധർ |

## ചിത്രരചന, കലാപഠന ക്യാമ്പ്

**പ്രവർത്തനം : 2** **മേഖല : അക്കാദമികം/കലാപഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം | പ്രതീക്ഷിക്കുന്നത് |
|---|---|---|---|---|---|
| ചിത്രകല മറ്റ് കലാ മേഖലയിൽ ശാസ്ത്രീയ പഠനം | മദ്ധ്യവേനലവധി 10 ദിവസം നീണ്ടു നിൽക്കുന്ന പരിശീലന ക്യാമ്പ് | മദ്ധ്യ വേനലവധി | ചിത്രകലാ/ കലാദ്ധ്യാപകർ /ക്ലബ്ബ് | 25000/- | ചിത്രകലയിൽ ഒഴികെ/ വിദഗ്ധരുടെ സേവനം |

## മേളകൾ

**ഉപമേഖല : അക്കാദമികം/ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസ്സിലാക്കുക | സ്കൂൾ തല ശാസ്ത്രമേളയിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ | വർഷത്തിൽ ഒരു പ്രാവിശ്യം | സയൻസ് ക്ലബ്ബ് | 10000/- (സി.എസ്.ആർ. ഫണ്ട്) |

| ജൂൺ | ജൂലൈ | ആഗസ്റ്റ് |
|---|---|---|
| പോഷകാഹാരം ചെലവ് കുറഞ്ഞ രീതിയിൽ തയ്യാറാക്കുന്നതിനും പച്ചക്കറി കൃഷിയിൽ കുട്ടികളെ പ്രാപ്തരാക്കുന്നതിനും സാധിക്കും. കൃഷിയോടുള്ള താൽപര്യം കുട്ടികളിൽ വർദ്ധിപ്പിക്കുന്നതിനും സാധിക്കും | ശുചീകരണത്തിനാവശ്യമായ ഉപകരണങ്ങൾ, കമ്പോസ്റ്റ് കുഴി എന്നിവ നിർമ്മിക്കാൻ സാധിക്കും. ശുചീകരണ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും പങ്കാളികളാകുന്നതിനും കഴിയുന്നു. ക്ലാസ്, സ്കൂൾ, വീട് ഇവയുടെ പരിസരം വൃത്തിയായി സൂക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. | ലളിതമായ വസ്ത്രങ്ങൾ നിർമ്മിക്കുവാൻ കഴിയുന്നു. വസ്ത്രങ്ങളിൽ അലങ്കാരത്തുന്നൽ ചെയ്യുന്നു. വസ്ത്രങ്ങൾക്ക് നിറം കൊടുക്കുന്നതിനും ഫാബ്രിക് പെയിന്റ് ചെയ്യുന്നതിനും കഴിയുന്നു. നിറങ്ങളെക്കുറിച്ചും അവയുടെ സംയോജനങ്ങളെ കുറിച്ചും ചർച്ച, വെജിറ്റബിൾ പ്രിന്റിംഗ്, ശാസ്ത്രവുമായുള്ള ഉദ്ഗ്രഥനം |

| സെപ്തംബർ | ഒക്ടോബർ | നവംബർ |
|---|---|---|
| വിവിധ വസ്തുക്കൾ ഉപയോഗിച്ച് ഗൃഹാലങ്കാര വസ്തുക്കൾ നിർമ്മിക്കുന്നു. തടികൊണ്ടുള്ള ഗാർഹിക ഉപകരണങ്ങളോ മാതൃകകളോ നിർമ്മിക്കുന്നു. ഗ്രൂപ്പ്/വ്യക്തിഗതമായി നിർമ്മാണ പ്രവർത്തനങ്ങൾ ചെയ്യുന്നതിനുമായി വസ്തുക്കളും സംഘടിപ്പിക്കൽ, ഗൃഹാലങ്കാര വസ്തുക്കളുടെ നിർമ്മാണം, തടികൊണ്ടുള്ള ലഘുഗാർഹിക ഉപകരണങ്ങൾ, നിർമ്മാണരീതി, ഡിസൈനിംഗ് മുതലായവ | ഉപയോഗ ശൂന്യമെന്ന് കരുതുന്ന വസ്തുക്കൾ ഉപയോഗിച്ച് കൗതുക വസ്തുക്കൾ അലങ്കാര വസ്തുക്കൾ എന്നിവ നിർമ്മിച്ച് ഉപയോഗിക്കുന്നു. ഉപയോഗ ശൂന്യമെന്ന് കരുതുന്ന വസ്തുക്കളുടെ പുനരുപയോഗം. ഒറിഗാമി നിർമ്മാണ രീതി, ഒറിഗാമി നിർമ്മാണ ശേഷി | ക്ലാസ് റൂം പ്രവർത്തനങ്ങൾക്കാവശ്യമായ വസ്തുക്കൾ നിർമ്മിക്കുന്നു. സ്ട്രോബോർഡ്, ഫയൽ ബോർഡ്, റൈറ്റിംഗ് പാഡ്,ഫ്ളക്സി ഫയൽ, ചോക്ക്, ബുക്ക് ബയന്റിംഗ്, ചന്ദനത്തിരി, ബാഗ്, കുട ഇവ നിർമ്മിച്ച് ഉപയോഗിച്ചുകൊണ്ടിരിക്കുന്നു. |

| ഡിസംബർ | ജനുവരി | ഫെബ്രുവരി | മാർച്ച് |
|---|---|---|---|
| സിലബസിനതീതമായ പാഠ്യേതര പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. മത്സരത്തിന് കൊണ്ടുപോകുവാനുള്ള കുട്ടികളെ പ്രത്യേകം പ്രാക്ടീസ് നൽകി അവരെ നേരത്തേ റെഡിയാക്കുന്നു. | കുട്ടികളെക്കൊണ്ട് ഓരോ ആക്ടിവിറ്റി ചെയ്യിക്കുന്നു. Sewing 70 Teachers 3 ദിവസത്തെ കോഴ്സിൽ Stuffed toys, Bamboo product, coir door, mat എന്നിവ പഠിപ്പിച്ചു. ഇത് കുട്ടികളെക്കൊണ്ട് ചെയ്യിക്കണം | കുട്ടികളെക്കൊണ്ട് പൂക്കൾ, കവർ, ലോഗ് കവർ, ഓഫീസ് ഫയൽ, ഗ്രീറ്റിംഗ് കാർഡ് എന്നിവ ഉണ്ടാക്കുന്നു. Metal engraving, wood curving, thread pattern, embroidary, chalk making, palm leaves, paper craft, vegetable painting എന്നിവയിലും clay modelling എന്നിവയിൽ കുട്ടികൾ മത്സരിക്കുന്നു. | മാർച്ച് ആദ്യം തിയറി ആദ്യം പഠിപ്പിച്ച പാഠഭാഗങ്ങൾ കുട്ടികളെക്കൊണ്ട് വീണ്ടും റിവിഷൻ ചെയ്യുന്നു. പ്രാക്ടിക്കൽ എക്സാം നടത്തുന്നതിനുള്ള തയ്യാറെടുപ്പ് നടത്തുന്നു. |

**പ്രവർത്തനം : 1**

**പേര് : ഡൈനിംഗ് ഹാൾ**

**മേഖല : ഭൗതികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുചിത്വം + ആരോഗ്യം = പഠനം | സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായി രീതിയിൽ ഡൈനിംഗ് ഹാൾ ഒരുക്കൽ | രണ്ട് വർഷം | മാനേജ്മെന്റ് | 5 ലക്ഷം (എം.എൽ.എ. ഫണ്ട്) |

**പ്രവർത്തനം : 2**

**പേര് : നീരുറവ സംരക്ഷണം**

**മേഖല : ഭൗതികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജല സംരക്ഷണ പ്രവർത്തനം | നിലവിലുള്ള നീരുറവ മതിൽകെട്ടി മുകളിൽ നെറ്റ് നിർമ്മിച്ച് സംരക്ഷിക്കൽ | ഒരു വർഷം | പി.ടി.എ. | ഒരു ലക്ഷം (ജില്ലാ പഞ്ചായത്ത്) |

**പ്രവർത്തനം : 3**

**പേര് : യോഗ പരിശീലന കേന്ദ്രം**

**മേഖല : ഭൗതികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യമുള്ള ശരീരവും മനസ്സും കുട്ടികൾക്ക് പ്രദാനം ചെയ്യൽ | വായു സഞ്ചാരമുള്ള ഒരു മുറി ആവശ്യമായ ഉപകരണങ്ങളോടെ യോഗ പരിശീലനത്തിനു വേണ്ടി സജ്ജമാക്കൽ | ആഴ്ചയിൽ ഒന്നുവീതം | പി.ടി.എ. | രണ്ടു ലക്ഷം (ജില്ലാ പഞ്ചായത്ത്) |

പ്രവർത്തനം : 4

പേര് : മാലിന്യ സംസ്ക്കരണം

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുചിത്വമുള്ള അന്തരീക്ഷം ഒരുക്കൽ | ജൈവമാലിന്യങ്ങളും അജൈവമാലിന്യങ്ങളും സംസ്ക്കരിക്കുന്നതിനുള്ള ക്രമീകരണം സൗകര്യപ്രദമായ സ്ഥലത്ത് ഒരുക്കൽ | 1 വർഷം | എസ്.എസ്. ജി. | ഒരു ലക്ഷം (ജില്ലാ പഞ്ചായത്ത്) |

പ്രവർത്തനം : 5

പേര് : സ്മാർട്ട് ക്ലാസ്സ് റൂം

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 8 – 9 ക്ലാസ്സുകൾ സ്മാർട്ട് ക്ലാസ്സ് റൂം ആക്കുക | 8 മുതൽ 9 വരെയുള്ള ക്ലാസ്സുകളെ സ്മാർട്ട് ക്ലാസ്സ് റൂമാക്കുവാനുള്ള ഭൗതികസൗകര്യം ഒരുക്കുക | 1 വർഷം | പൂർവ്വ വിദ്യാർത്ഥികൾ മാനേജ്മെന്റ് | 5 ലക്ഷം |

**പ്രവർത്തനം : 1**

**പേര് : പൂർവ്വ വിദ്യാർത്ഥി സംഗമങ്ങൾ**

**മേഖല : സാമൂഹികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| സാമൂഹ്യപങ്കാളിത്തം ഉറപ്പാക്കൽ | വിവിധ ബാച്ചുകളായി പൂർവ്വവിദ്യാർത്ഥി സംഗമം വിളിച്ചു ചേർക്കൽ. അവരുടെ മുമ്പിൽ വിദ്യാലയത്തിന്റെ ആവസ്യങ്ങൾ അവതരിപ്പിക്കൽ / ഫണ്ട് സമാഹരിക്കൽ | വർഷത്തിൽ രണ്ടു പ്രാവശ്യം | എസ്.എസ്. ജി.ഒ.എസ്.എ. | 5000/- (ഒ.എസ്.എ.) |

**പ്രവർത്തനം : 2**

**പേര് : പൂർവ്വാദ്ധ്യാപകസംഗമം**

**മേഖല : സാമൂഹികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| സാമൂഹ്യപങ്കാളിത്തം ഉറപ്പാക്കൽ | അദ്ധ്യാപക ഹാജർ ബുക്ക് പരിശോധിച്ച് പൂർവ്വാദ്ധ്യാപകരെ വിളിച്ചു ചേർത്ത് സമിതി രൂപീകരിക്കൽ | 2 വർഷത്തി ലൊരിക്കൽ | സ്റ്റാഫ് കൗൺസിൽ | 10000/- (സ്റ്റാഫ് ഫണ്ട്) |

പ്രവർത്തനം : 3

പേര് : പ്രാവേശിക പി.ടി.എ. യോഗങ്ങൾ

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹ്യപങ്കാളിത്തം ഉറപ്പാക്കൽ | വിദ്യാലയത്തിന്റെ പരിസരം വവിധ മേഖലകളായി തിരിച്ച് രക്ഷിതാക്കൾക്ക്, സൗകര്യപ്രദമായ സമയത്ത് പി.ടി.എ. യോഗങ്ങൾ ചേരൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.എസ്.ജി. എസ്.ആർ.ജി. | 10000/- (പി.ടി.എ.) |

പ്രവർത്തനം : 4

പേര് : രക്ഷിതാക്കൾക്ക് ഇ–സാക്ഷരത (കമ്പ്യൂട്ടർ പരിശീലനം)

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയവിഭവങ്ങൾ സമൂഹവുമായി പങ്കുവയ്ക്കൽ | വൈകുന്നേരങ്ങളിൽ / അവധി ദിവസങ്ങളിൽ അമ്മമാർക്ക് കമ്പ്യൂട്ടർ ലാബിൽ പരിശീനമം | ആഴ്ചയിൽ 1 ദിവസം | എച്ച്.എം. ഐ.ടി @ സ്കൂൾ എസ്.ഐ.റ്റി.സി. | |

പ്രവർത്തനം : 5

പേര് : വായനാക്കൂട്ടം

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയവിഭവങ്ങൾ സമൂഹവുമായി പങ്കുവയ്ക്കൽ | വിദ്യാലയ ലൈബ്രറിയിലെ പുസ്തകങ്ങൾ രക്ഷിതാക്കൾ, നാട്ടിലെ വായനാതത്പരർ എന്നിവർക്ക് നിശ്ചിത വ്യവസ്ഥകൾക്ക് വിധേയമായി വായിക്കുവാൻ നൽകൽ, നല്ല വായനക്കാരരെ ആദരിക്കൽ | ആവശ്യാ നുസരണം | ലൈബ്രറേറി യൻ | |

പ്രവർത്തനം : 6

പേര് : പുസ്തക സമാഹരണം

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്കൂളും സമൂഹവും തമ്മിലുള്ള ബന്ധം ശക്തമാക്കൽ | അദ്ധ്യാപകരും കുട്ടികളും അടങ്ങുന്ന ചെറുസംഘം വായനയുടെ പ്രാധാന്യം വ്യക്തമാക്കുന്ന പ്ലക്കാർഡുകളുമായി സ്കൂൾ പരിസരത്തെ വീടുകൾ സന്ദർശിച്ച് ഗ്രന്ഥശാലിയലേക്ക് ആവശ്യമായ പുസ്തകങ്ങൾ ശേഖരിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ.ജി. സ്കൂൾ പാർലമെന്റ് | |

പ്രവർത്തനം : 7

പേര് : മികവുറ്റ സ്കൂളിലേക്ക് പഠനയാത്ര

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കൂടുതൽ ആശയങ്ങൾ രൂപീകരിക്കുക | മികവാർന്ന വിധത്തിൽ പാഠ്യപാഠാനുബന്ധ പ്രവർത്തന ങ്ങൾ നടക്കുന്ന വിദ്യാലയങ്ങളിലേക്ക് യാത്ര നടത്തി അനുഭവങ്ങൾ അടുത്തറിയൽ | വർഷത്തിൽ ഒരു പ്രാവശ്യം | പി.ടി.എ. എസ്.ആർ.ജി | 5000/- (പി.ടി.എ. ഫണ്ട്) |

പ്രവർത്തനം : 8

പേര് : പുസ്തക പ്രസിദ്ധീകരണവും വിറ്റഴിക്കലും

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ വിവിധ സൃഷ്ടികൾ പരിശോധിച്ച് മികച്ചവ തെരഞ്ഞെടുത്ത് പ്രസിദ്ധീകരിക്കൽ | കുട്ടികൾ രചിച്ച കഥ / കവിത / കാർട്ടൂൺ / കഥാപ്രസംഗം തുടങ്ങിയ വിവിധ സാഹിത്യസൃഷ്ടികൾ എസ്.ആർ.ജി.യുടെ ഉപസമിതി പരിശോധിച്ച് പ്രസിദ്ധീകരണയോഗ്യമായവ തെരഞ്ഞെടുക്കൽ. അച്ചടിച്ച് പ്രസിദ്ധീകരിക്കൽ, വിറ്റഴിക്കൽ, അച്ചടിച്ചെലവ് കഴിഞ്ഞ് ബാക്കി വരുന്ന തുക പുതിയ പുസ്തകങ്ങൾ വാങ്ങുവാൻ ഉപയോഗിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ.ജി. പി.ടി.എ. | 10,000/- (പരസ്യം) |

**പ്രവർത്തനം : 9**

**പേര് : സ്കൂൾ കലണ്ടർ**

**മേഖല : സാമൂഹികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്കൂൾ മികവുകൾ സമൂഹവുമായി പങ്കുവയ്ക്കൽ | വിദ്യാലയത്തിലെ ഒരു വർഷത്തെ അക്കാദമിക് പ്രവർത്തനങ്ങളും സാധാരണ ദിവസ കലണ്ടറും ചേർത്ത് അച്ചടിച്ച് രക്ഷിതാക്കൾക്കും പൊതു സമൂഹത്തിനും നൽകൽ | വർഷത്തിൽ ഒരു പ്രാവശ്യം | പി.ടി.എ. എസ്.ആർ.ജി | 10,000/- (പരസ്യം) |

**പ്രവർത്തനം : 10**

**പേര് : ഹരിതഗ്രാമം**

**മേഖല : സാമൂഹികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗ്രാമവീഥികളെ പരമാവധി ഹരിതാഭമാക്കൽ | വിദ്യാലയത്തിലേക്കുള്ള വിവിധ വഴികളിൽ പരമാവധി തണൽമരങ്ങൾ വച്ചു പിടിപ്പിക്കൽ. അവയുടെ പരിപാലനം ഗ്രൂപ്പ് തിരിച്ച് കുട്ടികൾക്ക് നൽകൽ സമീപത്തെ ക്ലബ്ബുകൾ, വായനശാലകൾ തുടങ്ങിയവയെ പദ്ധതിയിൽ പങ്കെടുപ്പിക്കാം. | വർഷത്തിൽ ഒരു പ്രാവശ്യം | പി.ടി.എ. സ്കൂൾ പാർലമെന്റ് | 10,000/- (സംഭാവന) |

പ്രവർത്തനം : 11

പേര് : പൊതിച്ചോറ്

മേഖല : സാമൂഹികം / ജീവകാരുണ്യം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയം ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പങ്കെടുക്കൽ | വിദ്യാലയത്തിലെ മുഴുവൻ അദ്ധ്യാപകരും ഇതര ജീവനക്കാരും 5 – 10 ഭക്ഷണപ്പൊതികൾ വീതം കൊണ്ടുവരുന്നു. സമീപത്തുള്ള അനാഥാലയം, ആശുപത്രി എന്നിവയ്ക്ക് ഈ പൊതികൾ ഉച്ചഭക്ഷണമായി എത്തിച്ചുകൊടുക്കൽ | വർഷത്തിൽ മൂന്നു പ്രാവശ്യം | എസ്.ആർ.ജി | |

**പ്രതീക്ഷിത നേട്ടങ്ങൾ (കുട്ടികളുടെ അക്കാദമിക മികവിന് ഊന്നൽ)**

- ശിശുസൗഹൃദപരമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു.
- "സ്കൂൾ സമൂഹത്തിൽ" എന്ന ആശയം സാക്ഷാത്കരിക്കപ്പെടുന്നു.
- വിദ്യാലയ പ്രവേശനനിരക്ക് വർദ്ധിക്കുന്നു.
- മതനിരപേക്ഷ സമൂഹത്തെ നിലനിർത്താൻ കഴിയുന്നു.
- വിദ്യാഭ്യാസരംഗത്തുള്ള ഗുണകരമല്ലാത്ത പ്രവർത്തനങ്ങൾക്ക് തടയിടുവാൻ കഴിയുന്നു.

**മോണിട്ടറിംഗ് രീതി**

- ഉദ്യോഗസ്ഥതലത്തിലുള്ള മോണിട്ടറിംഗ് സ്കൂൾതലം മുതൽ ശക്തമാക്കുന്നു.
- സോഷ്യൽ മോണിട്ടറിംഗ് രീതി (പി.ടി.എ., എം.പി.ടി.എ.) എസ്.എസ്.ജി., എസ്.ആർ.ജി. ഒ.എസ്.എ. എന്നിവരെ ഉൾപ്പെടുത്തി) നടപ്പിലാക്കണം.
- ദൈനംദിന മോണിട്ടറിംഗ് എച്ച്.എം. / പ്രിൻസിപ്പാൾ എസ്.ആർ.ജി. കൺവീനർ, പി.ടി.എ. പ്രസിഡന്റ് എന്നിവരുടെ നേതൃത്വത്തിൽ നടത്താം.